## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 591** **6.3.2012-ൽ മറുപടിക്ക്**

### മാലിന്യസംസ്കരണത്തിനുള്ള ട്രക്ക് മൗണ്ടഡ് എമർജൻസി ഇൻസിനറേഷൻ യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| എ) | മാലിന്യം, ശേഖരിക്കുന്ന വണ്ടികളിൽ വെച്ച് തന്നെ സംസ്കരിക്കുന്ന പദ്ധതി സംസ്ഥാനത്ത് പരീക്ഷിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | എ ) & ബി)) | അടിയന്തിര ഘട്ടത്തിൽ ഖരമാലിന്യ സംസ്കരണത്തിനായി രണ്ടു മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. ശുചിത്വ മിഷന്റെ ഫണ്ട് ഉപയോഗിച്ച് ഇൻസിനറേറ്റർ വാങ്ങുവാൻ സിഡ്കോയെ നോഡൽ ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഗ്ലോബൽ ടെന്റർ വിളിച്ചു കഴിഞ്ഞിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതിനായി വിദേശ രാജ്യങ്ങളിൽ എന്നപോലെ ട്രക്ക് മൗണ്ടഡ് എമർജൻസി ഇൻസിനറേഷൻ യൂണിറ്റുകൾ വാങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; | | |
| സി) | എങ്കിൽ ഇതിനായി എന്തു ചെലവു പ്രതീക്ഷിക്കുന്നു ; | സി) | ടെന്റർ നടപടികൾക്ക് ശേഷം മാത്രമേ അവയ്ക്ക് ആവശ്യമായ തുകയെക്കുറിച്ച് അറിയുവാൻ കഴിയുകയുള്ളൂ. |
| ഡി) | എത്ര ടൺ മാലിന്യം ഇവ മുഖേന ദിവസേന സംസ്കരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; | ഡി) | ടെന്റർ വിളിച്ചിട്ടുള്ളത് മണിക്കൂറിൽ 0.5 –1 ടൺ വരെയും 1–3 ടൺ വരെയും മാലിന്യം സംസ്കരിക്കാവുന്ന ഓരോ മൊബൈൽ ഇൻസിനറേറ്ററിനാണ്. |
| ഇ) | മാലിന്യസംസ്കരണവേളയിൽ അന്തരീക്ഷ മലിനീകരണമില്ലാതിരിക്കാൻ മലിനീകരണ നിയന്ത്രണ സംവിധാനം ഇൻസിനറേറ്ററുകൾക്ക് ഉണ്ടാകുമോ ; | ഇ) | ഉണ്ടാകും |
| എഫ്) | പദ്ധതി എന്നത്തേക്ക് സംസ്ഥാനത്ത് നടപ്പാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; ഏതു ജില്ലയിലാണ് പ്രാരംഭമായി പദ്ധതി നടപ്പാക്കുക; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | എഫ്) | മൂന്നു നാല് മാസങ്ങൾക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി മൊബൈൽ ഇൻസിനറേറ്റർ വാങ്ങാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം ജില്ലയിലാണ് പദ്ധതി പ്രാരംഭമായി നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ